# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2130 — 18/07/2016 -ൽ മറുപടിക്ക്

## ആരോഗ്യ കായിക വിദ്യാഭ്യാസ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.വി.രാജേഷ് | പ്രൊ.സി.രവീന്ദ്രനാഥ് ( വിദ്യാഭ്യാസ വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സ്കൂളുകളിൽ നടപ്പിലാക്കി വരുന്ന ആരോഗ്യ കായിക വിദ്യാഭ്യാസ പദ്ധതി, ആവശ്യത്തിന് അദ്ധ്യാപകരില്ലാത്തതു കാരണം തടസ്സപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏങ്കിൽ ഇതു പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (എ) | തടസ്സപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ രേഖാമൂലമോ അല്ലാതെയോ പരാതികൾ ഒന്നും തന്നെ ലഭ്യമായിട്ടില്ല. എല്ലാ സ്കൂളുകളിലും ആവശ്യമായ കായിക അദ്ധ്യാപകർ നിയമിക്കപ്പെടാത്തതാണ് മുഖ്യ കാരണം. |
| (ബി) | സംസ്ഥാനത്ത് ഏതൊക്കെ ക്ലാസ്സുകളിലാണ് എഴുത്ത്, പ്രായോഗിക പരീക്ഷകൾ ഉൾപ്പടെ കായിക വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്? | (ബി) | 2014-2015 അക്കാദമിക് വർഷത്തിൽ 1,3,5,7 ക്ലാസുകളിലെ പാഠ്യപദ്ധതി പരിഷ്കരിച്ചപ്പോൾ 1,3 ക്ലാസുകളിൽ ആരോഗ്യ, കായിക, വിദ്യാഭ്യാസം മറ്റ് വിഷയങ്ങളുമായി ഉദ്ഗ്രഥിച്ചും 5,7 ക്ലാസുകളിൽ പ്രത്യേക വിഷയമായും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തി 5,7 ക്ലാസ്സുകളിലെ കുട്ടികൾക്ക് ആക്റ്റിവിറ്റി ബുക്കുകളും അദ്ധ്യാപകർക്ക് അദ്ധ്യാപക സഹായിയും തയ്യാറാക്കി നൽകി. എല്ലാ അദ്ധ്യാപകർക്കും പരിശീലനം നൽകുകയും ചെയ്തു. 2015-2016 അക്കാദമിക വർഷത്തിൽ 2,4,6,8 ക്ലാസ്സുകളിൽ പാഠ്യപദ്ധതി പരിഷ്കരിച്ചപ്പോൾ 2,4 ക്ലാസുകളിൽ ആരോഗ്യ, കായിക വിദ്യാഭ്യാസം മറ്റ് വിഷയങ്ങളുമായി ഉദ്ഗ്രഥിച്ചും 6,8 ക്ലാസ്സുകളിൽ പ്രത്യേക |

| | | | |
|---|---|---|---|
| | | | വിഷയമായും പാഠ്യപദ്ധതിയിൽ ഉൾപ്പെടു ത്തി അതോടൊപ്പം 6,8 ക്ലാസ്സുകളിൽ കുട്ടികൾക്ക് ആക്റ്റിവിറ്റി ബുക്കും അദ്ധ്യാപകർക്ക് അദ്ധ്യാപക സഹാ യിയും തയ്യാറാക്കി നൽകി . കൂടാതെ എല്ലാ അദ്ധ്യാപകർക്കും പരിശീലനം നൽകുകയും ചെയ്തു.<br><br>2015-2016 അക്കാദമിക വർഷം 9,10 ക്ലാസ്സുകളിലെ കുട്ടികൾക്ക് ആക്റ്റിവിറ്റി ബുക്കുകളും അദ്ധ്യാപകർക്ക് അദ്ധ്യാപക സഹായിയും തയ്യാറാക്കി നൽകി. കൂടാതെ എല്ലാ അദ്ധ്യാപകർക്കും പരി ശീലനം നൽകുകയും ചെയ്തു. 5, 6, 7, 8 ക്ലാസ്സുകളിൽ വിലയിരുത്തലിന്റെ ഭാഗ മായി എഴുത്തു പരീക്ഷയും നിരന്തര മൂല്യ നിർണ്ണയവും നടത്തുകയും ചെയ്തു. |
| (സി) | ഹയർസെക്കൻഡറി ക്ലാസുകളിൽ കായി കാദ്ധ്യാപകരുടെ തസ്തികകൾ സൃഷ്ടിക്ക ന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (സി) | നടപടി എടുത്തിട്ടില്ല. |

**സെക്ഷൻ ഓഫീസർ**